## 1184

വാ-വാ- യേശുവിങ്കൽ വാ കേൾ കേൾ സ്നേഹസന്ദേശം

1 അദ്ധ്വാനിക്കുന്നവരേ, ഭാരം ചുമക്കുന്നവരേ
ആശ്വാസം കൈക്കൊള്ളുവാൻ യേശു വിളിച്ചിടുന്നു-

2 പാപത്തിൻ ചുമടുമായി മോക്ഷം തിരയുവോരെ
മോക്ഷത്തിൻ മാർഗ്ഗമവൻ യേശു വിളിച്ചിടുന്നു-

3 നരകമില്ലെന്നു ചൊല്ലി നരകം പൂകല്ലേ സഖേ
അറിവില്ലാ കാലങ്ങളെ ദൈവം അറിയുന്നു വരിക സഖേ-

4 കുരിശിൽ തിരുബലിയായ് നരനേ നിന്നെക്കരുതി
അറിയാതെ പോയിടല്ലെ അണയൂ നീ യേശുവിങ്കൽ-

5 സംശയം വേണ്ടതെല്ലാം നിശ്ചയം രക്ഷകൻ താൻ
ആശയവനിൽ വെച്ചാൽ ആശ്വാസം ലഭ്യമാകും-

6 ഇത്ര വലിയ രക്ഷ ഗണ്യമാക്കാതെ പോയാൽ
തെറ്റി ഒഴിയാവതോ നിത്യനരകമത്- K.V.I